## പതിനാലാം കേരള നിയമസഭ

### പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4482** **25.06.2019 -ൽ മറുപടിയ്ക്ക്**

### പാർശ്വവൽക്കരിക്കപ്പെട്ട കുട്ടികളെ മുഖ്യധാരയിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ

ചോദ്യം

**ശ്രീ.സി. ദിവാകരൻ**
**ശ്രീ.ചിറയം ഗോപകുമാർ**
**ശ്രീമതി ഇ.എസ്.ബിജിമോൾ**
**ശ്രീ.ഇ.ടി. ടൈസൺ മാസ്റ്റർ**

**ഉത്തരം**

പ്രൊഫ : സി.രവീന്ദ്രനാഥ്
(പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി)

എ) ആദിവാസി, തീരദേശ, തോട്ടം മേഖല പോലെയുള്ള പാർശ്വവത്കൃത സമൂഹങ്ങളിൽ നിന്നും പിന്നോക്ക മേഖലകളിൽ നിന്നുമുള്ള വിദ്യാർത്ഥി കളുടെ പഠനനിലവാരം ഉയർത്തുന്നതിന് പ്രത്യേക പദ്ധതി നടപ്പാക്കുന്നുണ്ടോയെന്ന് അറിയിക്കാമോ;

എ) പ്രത്യേക പദ്ധതി 2018-19 അദ്ധ്യയന വർഷം മുതൽ നടപ്പാക്കിവരുന്നുണ്ട്. കേരളത്തിലെ തീരദേശ മേഖലകളിലെ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസത്തിന്റെ അവസ്ഥാ പഠനം എസ്.സി.ഇ.ആർ.ടി കേരളയുടെ നേതൃത്ത്വത്തിൽ നടത്തിയിട്ടുണ്ട്. പരമ്പരാഗത മത്സ്യത്തൊഴിലാളി കുട്ടികളുടെ വിദ്യാഭ്യാസത്തെക്കുറിച്ചാണ് പ്രസ്തുത പഠനം. പഠന റിപ്പോർട്ട് പൂർത്തിയായിട്ടുണ്ട്.പഠനത്തിന്റെ അടിസ്ഥാനത്തിലുള്ള തുടർ നടപടികൾ ആസൂത്രണംചെയ്തുവരുന്നു. അട്ടപ്പാടിമേഖലയിലെ വിദ്യാർത്ഥികളുടെ പ്രശ്നങ്ങളെ ആസ്പദമാക്കി ഗവേഷണപഠനം നടത്തുകയും റിപ്പോർട്ട് സംസ്ഥാന ബാലാവകാശ കമ്മീഷന് നൽകുകയും ചെയ്തിട്ടുണ്ട്.

ബി) പാർശ്വവൽക്കരിക്കപ്പെട്ട കുട്ടികളുടെ സാംസ്കാരിക പശ്ചാത്തലം മനസ്സിലാക്കി സ്കൂളുകളിൽ അവരുടെ നിലനിർത്തൽ ഉറപ്പാക്കുന്നതിനും അവരെ മുഖ്യധാരയിൽ കൊണ്ടുവരുന്നതിനും സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ;

ബി) പാർശ്വവൽക്കരിക്കപ്പെട്ട കുട്ടികളുടെ സാംസ്കാരിക പശ്ചാത്തലം മനസ്സിലാക്കി സ്കൂളുകളിൽ അവരുടെ നിലനിർത്തൽ ഉറപ്പാക്കുന്നതിനും അവരെ മുഖ്യധാരയിൽ കൊണ്ടുവരുന്നതിനും ഊരുത്സവങ്ങൾ സംഘടിപ്പിക്കുകയും കൂടാതെ സ്പോർട്സിലും ഗെയിംസിലും ഇത്തരം കുട്ടികൾക്ക് പ്രത്യേക പരിശീലനങ്ങളും നൽകിവരുന്നുണ്ട്. വൊക്കേഷണൽ ട്രെയിനിംഗ്, ലാബ്, ലൈബ്രറികളുടെ നവീകരണം തുടങ്ങിയ പരിപാടികളും ഈ പദ്ധതിയുടെ ഭാഗമായി നടപ്പാക്കിവരുന്നു.

കൂടാതെ പാർശ്വവൽക്കരിക്കപ്പെട്ട കുട്ടികളുടെ വിദ്യാഭ്യാസം ഉറപ്പുവരുത്തുന്നതിനായി താഴെപറയുന്ന പ്രവർത്തനങ്ങളും നടത്തിവരുന്നു.

1.സർവ്വേയിലൂടെ സ്കൂളിൽ ചേരാത്ത കുട്ടികളെ കണ്ടെത്തുന്നു.

2.വിദ്യാഭ്യാസ വോളണ്ടിയേഴ്സിനെ ഉപയോഗിച്ച് ബ്രിഡ്ജ് കോഴ്സ് നടത്തുന്നു.

3. വയസ്സിനനുസൃതമായ ക്ലാസ്സുകളിൽ ചേർക്കുന്നു.

യാത്രാസൗകര്യം ഇല്ലാത്ത കുട്ടികൾക്ക് ദിവസേന സ്കൂളിൽ വന്നു പഠിക്കുന്നതിനായി ഒരു കുട്ടിയ്ക്ക് 6000/-രൂപ (ആറായിരം രൂപ) നിരക്കിൽ കൊടുത്തുവരുന്നു.മലയോര പ്രദേശത്തെ കുട്ടികളുടെ പഠനം ഉറപ്പു വരുത്തുന്നതിനായി ഇടുക്കി ജില്ലയിലെ മറയൂർ, മലപ്പുറം ജില്ലയിലെ നിലമ്പൂർ,തിരുവനന്തപുരം ജില്ലയിലെ കോട്ടൂർ തുടങ്ങിയ ജില്ലകളിൽ ഹോസ്റ്റൽ പ്രവർത്തിച്ചുവരുന്നു. കൂടാതെ ഇടുക്കി ജില്ലയിലെ അടിമാലി, പത്തനംതിട്ട ജില്ലയിലെ നിലമേൽ, കണ്ണൂർ ജില്ലയിലെ ആറളം ഫാം തുടങ്ങിയ ജില്ലകളിൽ ഹോസ്റ്റലിന്റെ പ്രവർത്തനം ഉടൻ ആരംഭിക്കുന്നതാമണ്.

| | | | |
|---|---|---|---|
| സി) | ആദിവാസി വിഭാഗങ്ങളിൽ നിന്നുമുള്ള കുട്ടികൾക്ക് കഴിവതും അവർക്കുതു യോജ്യമായ കേന്ദ്രങ്ങളിൽ വച്ച് വിദ്യാഭ്യാസം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | സി) | പരിഗണിക്കുന്നതാണ്. |
| ഡി) | ഏതൊക്കെ ഏജൻസികളെയും വകുപ്പുകളെയും ഈ പദ്ധതി നടത്തിപ്പിൽ പങ്കാളിയാക്കുമെന്ന് അറിയിക്കാമോ? | ഡി) | ഗോത്രവർഗ വകുപ്പിന്റെയും, ഫിഷറീസ് വകുപ്പിന്റെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സഹായത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കിവരുന്നത്. എൻ.ജി.ഒ പങ്കാളിത്തവും പദ്ധതി നടത്തിപ്പിനായി പ്രയോജനപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ